| Question Paper Booklet Sl. No. | |
|---|---|

# L.S.S. EXAMINATION, APRIL - 2023

## എൽ.എസ്.എസ്. പരീക്ഷ, ഏപ്രിൽ – 2023

### (Paper-I) / (പേപ്പർ-I)

| | | | | | | | |
|---|---|---|---|---|---|---|---|
| രജിസ്റ്റർ നമ്പർ | അക്കത്തിൽ | | | | | | |
| | അക്ഷരത്തിൽ | | | | | | |

**സമയം : 1½ മണിക്കൂർ** **ആകെ സ്കോർ : 40**


# L.S.S. EXAMINATION, APRIL - 2023

## എൽ.എസ്.എസ്. പരീക്ഷ, ഏപ്രിൽ – 2023

### (Paper-I) / (പേപ്പർ-I)


ഓഫീസ് ഉപയോഗത്തിന് വേണ്ടി (For office use only)

**പൊതു നിർദ്ദേശങ്ങൾ / General Instructions :**

1. 10.15 മണി മുതൽ 12 മണി വരെയാണ് പരീക്ഷാ സമയം.
   The time of examination is from 10.15 a.m. to 12.00 p.m.
2. ആദ്യത്തെ 15 മിനിട്ട് സമാശ്വാസ സമയമാണ്. ചോദ്യങ്ങൾ വായിച്ച് മനസ്സിലാക്കുന്നതിന് ഈ സമയം ഉപയോഗപ്പെടുത്തേണ്ടതാണ്.
   The first 15 minutes will be cool-off time. This time should be used for reading the questions carefully.
3. പേപ്പർ ഒന്നിലെ ചോദ്യങ്ങൾ മൂന്നുഭാഗങ്ങളായി ഉൾപ്പെടുത്തിയിരിക്കുന്നു. പാർട്ട് – എ (ഒന്നാംഭാഷ - മലയാളം), പാർട്ട് – ബി (ഇംഗ്ലീഷ്), പാർട്ട് – സി (പൊതു വിജ്ഞാനം).
   Paper-I includes 3 parts. Part - A (Malayalam), Part - B (English) and Part - C (General Knowledge).
4. എല്ലാ ചോദ്യങ്ങൾക്കും ചോദ്യപേപ്പറിൽ നൽകിയിരിക്കുന്ന സ്ഥലത്ത് ഉത്തരമെഴുതേണ്ടതാണ്.
   Answer all the questions in the space provided in the question paper.
5. പാർട്ട് – സി (പൊതു വിജ്ഞാന) ചോദ്യങ്ങൾ മലയാളം / ഇംഗ്ലീഷ് മാധ്യമങ്ങളിലായി തൊട്ടടുത്തു വരുന്ന പേജുകളിൽ ഉൾപ്പെടുത്തിയിരിക്കുന്നു. വിദ്യാർത്ഥികൾ തങ്ങളുടെ മീഡിയത്തിലെ പേജിൽ ഉത്തരം എഴുതേണ്ടതാണ്.
   Part - C (General Knowledge) questions of Malayalam Medium and English Medium are given in separate pages. Candidate must answer in the pages selected as their medium.
6. ബുക്ക്‌ലെറ്റിൽ ഏതെങ്കിലും വിധത്തിലുള്ള വ്യക്തിവിവരങ്ങളോ, അടയാളങ്ങളോ രേഖപ്പെടുത്താൻ പാടില്ല.
   Identification marks or any other marks of such kind should not be written on the booklet.
7. ബുക്ക്‌ലെറ്റ് ഇൻവിജിലേറ്ററെ ഏൽപിച്ചതിനുശേഷം മാത്രമേ പരീക്ഷഹാൾ വിട്ട് പുറത്ത് പോകുവാൻ പാടുള്ളു.
   Candidates should handover the booklet to the invigilator before leaving the examination hall.

# എൽ.എസ്.എസ്. പരീക്ഷ, ഏപ്രിൽ – 2023

## (പാർട്ട് - എ)

## ഒന്നാംഭാഷ - മലയാളം

**ആകെ സ്കോർ : 20**

- **1** മുതൽ **12** വരെയുള്ള ചോദ്യങ്ങളാണ് മലയാളത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.
- ഓരോ ചോദ്യത്തിനു നേരെയും സ്കോർ രേഖപ്പെടുത്തിയിട്ടുണ്ട്.
- **എല്ലാ** ചോദ്യങ്ങൾക്കും ചോദ്യപേപ്പറിൽ നൽകിയിരിക്കുന്ന സ്ഥലത്ത് ഉത്തരം എഴുതേണ്ടതാണ്.

**1.** പ്രകൃതിസ്നേഹിയായ കവയിത്രി സുഗതകുമാരിയുടെ സ്മരണയ്ക്കായി സ്കൂൾ വളപ്പിൽ വൃക്ഷത്തൈകൾ നട്ടുപിടിപ്പിച്ചു. **(1 സ്കോർ)**

ഈ വാക്യത്തിൽ ഓർമ എന്നർത്ഥം വരുന്ന പദം ഏത് ?

**ഉത്തരം :**

**2.** **(1 സ്കോർ)**

നാഴിയുരി പാലുകൊണ്ട്
നാടാകെ കല്യാണം
നാലഞ്ചു തുമ്പ കൊണ്ട്
മാനത്തൊരു പൊന്നോണം

പ്രശസ്തമായ ഈ വരികൾ എഴുതിയ കവി ആര് ?

**ഉത്തരം :**

**3.** തുള്ളിയണഞ്ഞു - ഈ വാക്ക് പിരിച്ചെഴുതുക. **(1 സ്കോർ)**

**ഉത്തരം :**

**4.** നടന്നുകൊണ്ടിരിക്കുന്ന ഒരു സംഭവത്തെപ്പറ്റി അതിൽ പങ്കെടുക്കാൻ കഴിയാത്ത ഒരാൾക്ക് വേണ്ടി അതുകണ്ടുകൊണ്ടിരിക്കുന്ന വ്യക്തി നൽകുന്ന വ്യക്തതയാർന്ന വിവരണത്തിന് പറയുന്ന പേരെന്ത് ? **(1 സ്കോർ)**

**ഉത്തരം :**

5. താഴെ കൊടുത്തിരിക്കുന്ന സൂചനകൾ ഏത് കായിക വിനോദത്തിന്റേതാണെന്ന് തിരിച്ചറിഞ്ഞ് എഴുതുക. **(1 സ്കോർ)**

- സമയദൈർഘ്യം 90 മിനിറ്റ്
- രണ്ട് ടീമുകൾ, ഒരു ടീമിൽ 11 കളിക്കാർ
- ഐ.എം. വിജയൻ, പെലെ തുടങ്ങിയവർ പ്രശസ്ത കളിക്കാർ
- കാൽക്കരുത്തിന്റെ ആവേശത്തെ ലോകം നെഞ്ചിലേറ്റിയ കളി

**ഉത്തരം :**

6 മുതൽ 10 വരെയുള്ള ചോദ്യങ്ങൾക്കുള്ള ഉത്തരങ്ങൾ തന്നിട്ടുള്ളതിൽ നിന്നും തെരഞ്ഞെടുത്തെഴുതുക. ഓരോന്നിനും ഒരു സ്കോർ വിതം.

6. കഥകളിയിൽ തിരശ്ശീലയ്ക്ക് പിന്നിൽ നിന്ന് കഥാപാത്രങ്ങൾ ചുവടുവെച്ച് അമർന്ന് കളിക്കുന്ന ചടങ്ങ് ഏത് ? **(1 സ്കോർ)**

(A) വന്ദന ശ്ലോകം (B) തോടയം (C) അരങ്ങുകേളി (D) കേളിക്കൈ

**ഉത്തരം :**

7. താഴെ കൊടുത്തിരിക്കുന്ന പദങ്ങളുടെ കൂട്ടത്തിൽ നിന്നും ശരിയായ അക്ഷരമാലാക്രമത്തിൽ ഉള്ളത് തെരഞ്ഞെടുത്ത് എഴുതുക ? **(1 സ്കോർ)**

(A) അങ്കണം, കരുണ, കുടിൽ, താവളം.

(B) അങ്കണം, താവളം, കരുണ, കുടിൽ.

(C) കരുണ, കുടിൽ, അങ്കണം, താവളം.

(D) കുടിൽ, കരുണ, താവളം, അങ്കണം.

**ഉത്തരം :**

8. ചുവടെ കൊടുത്തിരിക്കുന്ന ചൊല്ലുകളിൽ കൃഷി ചെയ്യുന്നവരുടെ പ്രാധാന്യത്തെ സൂചിപ്പിക്കുന്ന ചൊല്ലേത് ? **(1 സ്കോർ)**

(A) കതിരിൽ വളം വച്ചിട്ടു കാര്യമില്ല

(B) കാലത്തേ വിളച്ചാൽ നേരത്തെ കൊയ്യാം

(C) ഉഴുതുണ്ണുന്നവനെ തൊഴുതുണ്ണണം

(D) മണ്ണറിഞ്ഞും വിത്തറിഞ്ഞും കൃഷി ചെയ്യണം

**ഉത്തരം :**

9. താഴെപ്പറയുന്നവയിൽ തെറ്റായി എഴുതിയ പദം ഏത് ? **(1 സ്കോർ)**

(A) അനുബന്ധം (B) നിഘണ്ടു (C) ആതിഥേയൻ (D) ഉപവിഷ്ടൻ

**ഉത്തരം :**

10. ഏറ്റവും ഉയർന്ന ഒരു ഗോപുരം സന്ദർശിക്കുക മാത്രമല്ല നാം ചെയ്യുന്നത്. ഏറ്റവും ശാന്തവും ചരിത്രസ്മരണകൾ ഉണർത്തുന്നതുമായ ഒരു ഗ്രാമത്തിന്റെ ഹൃദയത്തിൽ കടന്ന് പല പുത്തൻ സ്വപ്നങ്ങൾ കാണുക കൂടിയാണ്.
പ്രശസ്ത സഞ്ചാര സാഹിത്യകാരനായ എസ്.കെ. പൊറ്റെക്കാട്ടിന്റെ ഒരു യാത്രാവിവരണ കൃതിയിലുള്ള വരികളാണിവ, കൃതിയുടെ പേരെന്താണ് **(1 സ്കോർ)**

(A) ഒരു തെരുവിന്റെ കഥ (B) ബാലിദ്വീപ്
(C) യാത്രാ സ്മരണകൾ (D) ഒരു ദേശത്തിന്റെ കഥ

**ഉത്തരം :**

11. കുടയില്ലാത്തവർ എന്ന കവിത നിങ്ങൾ പഠിച്ചിട്ടുണ്ടല്ലോ. ഈ മഴക്കവിത വായിച്ച് തുടർന്നുള്ള ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക.

**മഴ**

കൊട്ടിപ്പാടുന്നു മഴ!
നടവരമ്പത്തൊരു
കുട്ടിയുണ്ടതിൻ, കൈയിൽ
പുസ്തകം, പൊതിച്ചോറും
കുടയായൊരു തൂശനിലയും; അതു കൊത്തി-
ക്കുടയുന്നുവോ മഴ-
ക്കാറ്റിന്റെ കാക്കക്കൂട്ടം?

കുപ്പായം കുതിർന്നൊട്ടി-
ച്ചേർന്ന തന്നുടൽ കാൺകെ,
കുട്ടിക്കു നാണം- മഴ
നഗ്നനാക്കിയോ തന്നെ?...
വഴിയിൽ പുതുവെള്ള
പ്പാച്ചിലിൽ പൊടിമീനും
മഴതൻ സംഗീതത്തിൽ
കുട്ടിയും നീന്തിപ്പോയി!

ഒ.എൻ.വി. കുറുപ്പ്

(a) മഴക്കാറ്റിന്റെ ശക്തിയിൽ കുട്ടിയുടെ ഇലക്കുട തകർന്നുപോയി എന്ന ആശയം വരുന്ന വരികൾ എടുത്തെഴുതുക **(1 സ്കോർ)**

**ഉത്തരം :**

(b) നീര് എന്നർത്ഥം വരുന്ന പദം കവിതയിൽ നിന്ന് കണ്ടെത്തിയെഴുതുക **(1 സ്കോർ)**

**ഉത്തരം :**

(c) മഴ എന്ന കവിതയുടെ ആസ്വാദനക്കുറിപ്പ് എഴുതുക **(3 സ്കോർ)**

**ഉത്തരം :**

**12.** താഴെക്കൊടുത്തിരിക്കുന്ന ഭാഗം വായിക്കുക. തുടർന്ന് വരുന്ന ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക.

വീട് വൃത്തിയാക്കാൻ അച്ഛനെ സഹായിക്കുകയായിരുന്നു അമ്മു. അപ്പോഴാണ് മുറിയുടെ മൂലയ്ക്ക് പഴയ റേഡിയോ കിടക്കുന്നത് കണ്ടത്. പൊടി തുടച്ച് അവൾ അത് ഓണാക്കി നോക്കി. ഇരമ്പൽ മാത്രം. അച്ഛൻ പറഞ്ഞു ''ഇത് ഒരുകാലത്ത് നമ്മുടെ വീട്ടിലെ താരമായിരുന്നു. എന്തൊക്കെ രസകരങ്ങളായ പരിപാടികൾ ആയിരുന്നു... വയലും വീടും, ചലച്ചിത്ര ഗാനങ്ങൾ, യുവവാണി വാർത്തകൾ അങ്ങനെ പലതും. ഇതിന്റെ ശബ്ദം ഒന്ന് കേൾക്കാൻ നമ്മുടെ ഉമ്മറത്ത് ശ്രോതാക്കളുടെ തിക്കും തിരക്കുമായിരുന്നു'' അമ്മു അത്ഭുതത്തോടെ കേട്ടുനിന്നു. ''മാർക്കോണിയാണ് റേഡിയോ കണ്ടുപിടിച്ചതെന്ന് ഞാൻ പഠിച്ചിട്ടുണ്ട്'' അമ്മു പറഞ്ഞു. വിനോദത്തിനും വിജ്ഞാനത്തിനും ഒരുപോലെ ഉപയോഗിക്കാവുന്ന ഈ വാർത്താവിനിമയ മാധ്യമത്തിന് ഇപ്പോൾ പ്രചാരം കുറവാണ്. ഒരേസമയം കാണാനും കേൾക്കാനും കഴിയുന്ന ടിവിയുടെ ആരാധകരായി മാറി പുതുതലമുറ. അന്ന് രാത്രിയിൽ അമ്മു റേഡിയോ വീണ്ടു തിരിച്ചും മറിച്ചും നോക്കിക്കൊണ്ടേയിരുന്നു. റേഡിയോ തന്റെ കഥ പറയാൻ തുടങ്ങി.

(a) റേഡിയോയുടെ പ്രചാരം കുറയാൻ ഇടയായ സാഹചര്യം എന്ത് ? **(1 സ്കോർ)**

**ഉത്തരം :**

(b) കേൾവിക്കാർ എന്ന അർത്ഥത്തിൽ പ്രയോഗിച്ചിട്ടുള്ള വാക്ക് ഏത് ? **(1 സ്കോർ)**

**ഉത്തരം :**

(c) റേഡിയോയുടെ ആത്മകഥ എഴുതുക. **(3 സ്കോർ)**

**ഉത്തരം :**

# L.S.S. EXAMINATION, APRIL - 2023

## (Part - B)

## ENGLISH

**Total Score : 10**

- Questions **13** to **14** are included in the English Section.
- The score of each question is given against it.
- Write the answers to the questions in the space provided.
- Answer **all** the questions.

**Read the following passage and answer the questions that follow.**

Anna took the boat and smiled. The boy smiled back pleasantly.

**13.** (a) What emotion developed between Anna and the boy in this situation ? **(1 Score)**
(envy, friendship, enmity)

**Answer :**

(b) Which word is similar to the word 'pleasantly' ? **(1 Score)**
(angrily, swiftly, happily)

**Answer :**

(c) What made Anna smile ? Write it in a paragraph. **(3 Score)**

**Answer :**

**Read the following passage and answer the questions that follow.**

Standing on the deck of the ship, Ivan saw some cranes in the sky.
The cranes were predicting a storm.
He warned the captain about the storm.
The captain did not hear his words first. But finally, he steered the ship to the shore.

**14.** How did Ivan reach the ship ?

(a) Select the one which is in the correct order. (Write A, B or C). **(1 Score)**

(A) The merchant laid Ivan on a boat and pushed it into the open sea.
The merchant gave Ivan a drink and made him drowsy.
The crew took Ivan to the ship.
The boat hit the ship.

(B) The boat hit the ship.
The merchant gave Ivan a drink and made him drowsy.
The crew took Ivan to the ship.
The merchant laid Ivan on a boat and pushed it into the open sea.

(C) The merchant gave Ivan a drink and made him drowsy.
The merchant laid Ivan on a boat and pushed it into the open sea.
The boat hit the ship.
The crew took Ivan to the ship.

**Answer :**

(b) Unscramble the word below and fill in the blank. **(1 Score)**

C R E I P D T

Can you __________ what happens after ten days ?

**Answer :**

(c) What changes occurred in nature after the ship was anchored ? Describe in a paragraph. **(3 Score)**

**Answer :**

# എൽ.എസ്.എസ്. പരീക്ഷ, ഏപ്രിൽ – 2023

## (പാർട്ട് – സി)

## പൊതു വിജ്ഞാനം

**ആകെ സ്കോർ : 10**

- **എല്ലാ** ചോദ്യങ്ങൾക്കും ചോദ്യപേപ്പറിൽ നൽകിയിരിക്കുന്ന സ്ഥലത്ത് ഉത്തരമെഴുതേണ്ടതാണ്.
- **15** മുതൽ **24** വരെയുള്ള ചോദ്യങ്ങളാണ് പൊതു വിജ്ഞാനത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.
- ഓരോ ശരിയുത്തരത്തിനും **ഒരു** സ്കോർ വീതം ലഭിക്കുന്നതാണ്.

**15.** ഐക്യരാഷ്ട്ര സംഘടന (U.N.O.) ചെറു ധാന്യങ്ങളുടെ അന്താരാഷ്ട്ര വർഷമായി തെരഞ്ഞെടുത്തത് : **(1 സ്കോർ)**

(A) 2022 (B) 2023 (C) 2021 (D) 2024

**ഉത്തരം :**

**16.** 2023 ലെ പത്മഭൂഷൺ പുരസ്കാരം ലഭിച്ച ചലച്ചിത്ര പിന്നണി ഗായിക : **(1 സ്കോർ)**

(A) കെ.എസ്. ചിത്ര (B) ലതാ മങ്കേഷ്ക്കർ

(C) എസ്. ജാനകി (D) വാണിജയറാം

**ഉത്തരം :**

**17.** താഴെത്തന്നിരിക്കുന്നതിൽ തെറ്റായ ജോഡിയേത് ? **(1 സ്കോർ)**

(A) ഉത്തർപ്രദേശ് - ജോഷീമഠ്

(B) കർണാടക - മൈസൂർ

(C) കേരളം - ബ്രഹ്മപുരം

(D) തമിഴ്നാട് - ഊട്ടി

**ഉത്തരം :**

18. കേരളത്തിൽ വിസ്തീർണ്ണത്തിൽ രണ്ടാം സ്ഥാനത്തും ആഴത്തിൽ ഒന്നാം സ്ഥാനത്തുമുള്ള കായലേത് ? **(1 സ്കോർ)**

(A) വേമ്പനാട്ടു കായൽ (B) അഷ്ടമുടി കായൽ

(C) കായംകുളം കായൽ (D) ഇടവ - നടയറ കായൽ

**ഉത്തരം :**

19. പുതിയ കണക്കുകൾ പ്രകാരം ഏറ്റവും കൂടുതൽ ഉപഗ്രഹങ്ങളുള്ള സൗരയൂഥത്തിലെ ഗ്രഹം : **(1 സ്കോർ)**

(A) വ്യാഴം (B) ശനി (C) ചൊവ്വ (D) ഭൂമി

**ഉത്തരം :**

20. കരയിൽ ഏറ്റവും വേഗത്തിൽ സഞ്ചരിക്കാൻ കഴിയുന്ന മാർജ്ജാര വർഗ്ഗത്തിൽപ്പെട്ട ജീവിയാണ് : **(1 സ്കോർ)**

**ഉത്തരം :**

21. ആദ്യമായി ബഹിരാകാശ സഞ്ചാരം നടത്തിയ ഇന്ത്യക്കാരനാണ് : **(1 സ്കോർ)**

**ഉത്തരം :**

22. ഡ്യൂറന്റ് കപ്പ് ഏതു കളിയുമായി ബന്ധപ്പെട്ടിരിക്കുന്നു ? **(1 സ്കോർ)**

**ഉത്തരം :**

23. സുപ്രീം കോടതിയുടെ ഇപ്പോഴത്തെ ചീഫ് ജസ്റ്റിസ് : **(1 സ്കോർ)**

**ഉത്തരം :**

24. 2022 ൽ വയലാർ അവാർഡിനർഹമായ സാഹിത്യ കൃതിയാണ് : **(1 സ്കോർ)**

**ഉത്തരം :**

**- o O o -**

# LSS EXAMINATION, APRIL 2023
## (Paper - I)

Consolidated Scoresheet for Part A, B and C

**False No.** (Which is given in the booklet by AEO) [ ]

(To be filled by the Assistant Examiner)

**Register No :** [ ]

(To be filled by AEO or person concerned after the valuation of Answer Script)

| Part-A | Malayalam | | | | | | | | | | | | | | | | Total |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| Q. No. | 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11a | 11b | 11c | 12a | 12b | 12c | |
| Max. Score | 1 | 1 | 1 | 1 | 1 | 1 | 1 | 1 | 1 | 1 | 1 | 1 | 3 | 1 | 1 | 3 | 20 |
| Score Awarded | | | | | | | | | | | | | | | | | |

| Part-B | English | | | | | | | | | | | | | | | | Total |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| Q. No. | 13a | 13b | 13c | 14a | 14b | 14c | | | | | | | | | | | |
| Max. Score | 1 | 1 | 3 | 1 | 1 | 3 | | | | | | | | | | | 10 |
| Score Awarded | | | | | | | | | | | | | | | | | |

| Part-C | General Knowledge | | | | | | | | | | | | | | | | Total |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| Q. No. | 15 | 16 | 17 | 18 | 19 | 20 | 21 | 22 | 23 | 24 | | | | | | | |
| Max. Score | 1 | 1 | 1 | 1 | 1 | 1 | 1 | 1 | 1 | 1 | | | | | | | 10 |
| Score Awarded | | | | | | | | | | | | | | | | | |

Maximum score for Part A+B+C=40, Total score awarded for Part A+B+C= [ ]

Date, Name and Signature of Asst. Examiner